LIBRARY ARCHIVES Kerala Legislative Assembly

## കറ്റ്യാടി താലൂക്കാശുപത്രി

63 (3494) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കറ്റ്യാടി താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ ;

(ബി) ആശുപത്രിയിലെ ഓരോ തസ്തികയുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) ആശുപത്രിയിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിലുള്ള ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്ന തിലേയ്ക്കായി സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ഹെഡ്നേഴ്സ് തസ്തികയിലെ ഒഴിവുകൾ സ്ഥാനക്കയറ്റം നൽകിയും സ്ഥലംമാറ്റത്തിലൂടെയും നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് I-ന്റെ ഒഴിവുകൾ പ്രൊമോഷൻവഴിയും അന്തർജില്ലാ സ്ഥലംമാറ്റംവഴിയും നികത്തുന്നതാണ്. ജില്ലാ തലത്തിലുള്ള മറ്റ് ഒഴിവുകൾ നികത്താൻ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ടെയ്ലറിംഗ് ഇൻസ്ട്രക്ടർ ശ്രീമതി ബി.ആർ. ലതികയെ സ്ഥിരപ്പെടുത്തുന്നത്

64 (3495) ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്രക്കടുത്ത മാനസികാരോഗ്യകേന്ദ്രത്തിൽ 1-1-1994 മുതൽ 20 വർഷമായി ടെയിലറിംഗ് ഇൻസ്ട്രക്ടർ ആയി ജോലി ചെയ്യുന്ന ശ്രീമതി ബി. ആർ. ലതികയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ടിയാൾ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സ്ഥാപനത്തിൽ 2014-ൽ എത്ര പേരെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ ഉത്തരവിന്റെ ആനുകൂല്യം ശ്രീമതി ബി. ആർ. ലതികയ്ക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യകേന്ദ്രം ആശുപത്രി വികസന സമിതിയുടെകീഴിൽ താൽക്കാലികാടിസ്ഥാനത്തിൽ ടെയ്ലറിംഗ് ഇൻസ്ട്രക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി ബി. ആർ. ലതികയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ടിയാൾ സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഈ സ്ഥാപനത്തിൽ പത്തുവർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിലും തുടർന്ന് കരാറടിസ്ഥാനത്തിലും ജോലി ചെയ്തുവന്നിരുന്ന 125 ജീവനക്കാരെ 1-11-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 325/2014/ആകവ. നമ്പർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**ഓപ്പറേഷൻ രുചി പദ്ധതി**

65 (3496) ശ്രീ. വർക്കല കഹാർ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ രുചി പദ്ധതിക്ക് ഭക്ഷ്യസുരക്ഷാവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly